പതിന്നാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3072 — 10/03/2017 ൽ മറുപടിയ്ക്ക്

# റീസർവ്വേ ജോലികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് റീ സർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടില്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ ; | (എ) സംസ്ഥാനത്ത് ഒരു ജില്ലയിലും റീസർവ്വേ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. |
| (ബി) റീ സർവ്വേ ജോലികൾ പുനരാരംഭിക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകൾ റീ സർവ്വേ ജോലികൾക്ക പ്രയോജനപ്പെടുത്തുമോ; വിശദീകരിക്കുമോ; | (ബി) 24/01/2017 ലെ ജി.ഒ.(എം.എസ്സ്) നം 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) റീസർവ്വേ ജോലികൾക്ക് പുറംകരാർ അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) റീസർവ്വേ പൂർത്തീകരിക്കുമ്പോൾ അത്യന്തികമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും അതനുസരിച്ചുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനും സാധിക്കുമോ; വിശദീകരിക്കുമോ? | (ഡി) റീസർവ്വേ പൂർത്തിയാവുന്ന വില്ലേജുകളിലെ റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടികൾ റവന്യൂ-സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടന്നു വരുന്നുണ്ട്. റീസർവ്വേ റിക്കാർഡുകളിലെ രജിസ്റ്റർ ശ്രുപേണയുള്ള റിക്കാർഡുകളായ അടിസ്ഥാന നികുതി രജിസ്റ്ററും, തണ്ടപ്പേർ രജിസ്റ്ററും റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. വിഷ്വൽ റിക്കോർഡുകളിൽപ്പെട്ട എഫ്.എം.ബി. സർവ്വേ വകുപ്പിന്റെ |

നേതൃത്വത്തിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന ഡിജിറ്റൈസ് ചെയ്തു വരുന്നു. റീസർവ്വേയും ഇത്തരത്തിലുള്ള അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് ആത്യന്തികമായി ലാന്റ് ഡാറ്റാ ബാങ്ക് ഓൺലൈനായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ